മലയാള മനോരമ
ESTABLISHED 1888
19 February 2017

# കർഷക പ്രശ്നങ്ങൾക്കു ഗവേഷകർ പരിഹാരം കാണണം: ഗവർണർ

## • സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ആരംഭിച്ചു

**സ്വന്തം ലേഖകൻ**




സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ) പ്ലാറ്റിനം ജൂബിലി ആഘോഷം കൊച്ചിയിൽ ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യുന്നു. ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. എ. ജയതിലക്, സുമതി രവിചന്ദ്രൻ, ഡോ. ജെ.കെ. ജന എന്നിവർ സമീപം.
ചിത്രം. മനോരമ

കൊച്ചി • രാജ്യത്തിന്റെ നയങ്ങൾ രൂപീകരിക്കുന്നവർ സാധാരണക്കാരുടെ ജീവിതം കാണുന്നില്ലെന്നു ഗവർണർ ജസ്റ്റിസ് പി. സദാശിവം. കർഷകർ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ രാജ്യത്തെ ഗവേഷണ സ്ഥാപനങ്ങൾക്കു സാധിക്കണം. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മൽസ്യ മേഖലയിലെ ഗവേഷണങ്ങളും നിയമ നിർമാണങ്ങളും നടത്തുമ്പോൾ മൽസ്യത്തൊഴിലാളികൾക്കും മൽസ്യ കർഷകർക്കും പ്രാധാന്യം നൽകണം. ഉപഭോക്താക്കളുടെ താൽപര്യം മാത്രമല്ല ഉൽപാദകരുടെ താൽപര്യവും കാണണം. രാജ്യത്തു 3,827 മൽസ്യ ഗ്രാമങ്ങളുണ്ട്. നാൽപ്പതു ലക്ഷത്തിലേറെപ്പേർ മൽസ്യ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. 3,421 കോടി രൂപയാണു മൽസ്യ കയറ്റുമതിയിലൂടെ രാജ്യം കഴിഞ്ഞവർഷം നേടിയത്. ഇതെല്ലാം നേട്ടങ്ങളായി മാത്രം കാണാതെ ഈ മേഖലയ്ക്കു കൂടുതൽ പദ്ധതികളൊരുക്കുന്നതിനെക്കുറിച്ചും ചിന്തിക്കണം.

ഏതാനും വർഷം മുൻപു ഉള്ളി വില ഉയർന്നപ്പോൾ അയൽരാജ്യത്തു നിന്നു ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചു. എന്നാൽ ഏറെ കുറഞ്ഞ വിലയ്ക്കു വിൽക്കേണ്ടിവരുന്ന മറ്റൊരു അവസ്ഥയുമുണ്ട്. അപ്പോൾ ആരും കർഷകർക്കു വേണ്ടി ശബ്ദമുയർത്താറില്ല. മികച്ച സംഭരണ സംവിധാനങ്ങൾ ഇവിടെയുണ്ടെങ്കിൽ വില ഒരു പരിധിയിൽ കൂടുതൽ കുറയില്ല. കർഷക കുടുംബത്തിൽ ജനിച്ചതിനാൽ അവരുടെ വേദന എനിക്ക് മനസ്സിലാകും. സമുദ്ര ആവാസ വ്യവസ്ഥയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനു ഗവേഷകർ പ്രാമുഖ്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു. സമുദ്ര ജൈവ വൈവിധ്യം പലരീതിയിലും ഭീഷണി നേരിടുന്നുണ്ട്. മലിനീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി ഒട്ടേറെ കാരണങ്ങൾ ആവാസ വ്യവസ്ഥയ്ക്കു ഗുരുതര ഭീഷണിയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഗവേഷകർ പ്രാധാന്യം നൽകണമെന്നും അദ്ദേഹം പറഞ്ഞു.

അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കാൻ സിഎംഎഫ്ആർഐ വികസിപ്പിച്ചെടുത്ത മരുന്ന്, മീനുകളെ പെട്ടെന്നു തിരിച്ചറിയാൻ സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ എന്നിവ ഗവർണർ പുറത്തിറക്കി. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു തയാറാക്കിയ നയരൂപീകരണ മാർഗരേഖ, വംശനാശ ഭീഷണി നേരിടുന്ന ജന്തുവർഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയ ഇന്ത്യൻ കടലുകളിലെ ചില സ്രാവ്, തിരണ്ടി ഇനങ്ങളുടെ അവസ്ഥ വിവരിക്കുന്ന പഠന റിപ്പോർട്ട്, ഗവേഷണ രംഗത്ത് വിവരശേഖരണത്തിനു ജിഐഎസ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതു വിശദമാക്കുന്ന കൈപ്പുസ്തകം, സമുദ്ര മൽസ്യ സമ്പത്തിന്റെ സാമൂഹിക-സാമ്പത്തിക അവലോകനങ്ങൾക്കും നയരൂപീകരണങ്ങൾക്കും ഉപയോഗിക്കുന്ന സങ്കേതങ്ങളെ കുറിച്ചുള്ള കൈപുസ്തകം എന്നിവ അദ്ദേഹം പ്രകാശനം ചെയ്തു.

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു തപാൽ വകുപ്പ് പുറത്തിറക്കിയ പോസ്റ്റൽ കവർ ഗവർണർ പുറത്തിറക്കി. കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ(ഐസിഎആർ) ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.ജെ.കെ.ജെന അധ്യക്ഷനായിരുന്നു. എംപിഇഡിഎ ചെയർമാൻ ഡോ. എ. ജയതിലക്, മധ്യമേഖല പോസ്റ്റ് മാസ്റ്റർ ജനറൽ സുമതി രവിചന്ദ്രൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, സിഐഎഫ്ഡി മേധാവി ഡോ. ജി. മഹേശ്വരുഡു എന്നിവർ പ്രസംഗിച്ചു.

## കാലാവസ്ഥാ വ്യതിയാനം: മൽസ്യമേഖലയിലെ പ്രത്യാഘാതം പഠിക്കും

കൊച്ചി • പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വേറിട്ട മേഖലകളിൽ ഗവേഷണം നടത്താനുള്ള പദ്ധതിയുമായി സിഎംഎഫ്ആർഎ. കാലാവസ്ഥാ വ്യതിയാനം കാരണം മൽസ്യമേഖലയിൽ സംഭവിച്ച പ്രത്യാഘാതം പഠിച്ചു പരിഹാരം നിർദേശിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ സഹകരണത്തോടെ ഗവേഷണം നടത്തുന്നതാണ് ഇതിൽ പ്രധാനം. ഐക്യരാഷ്ട്ര സംഘടന കാലാവസ്ഥാ വ്യതിയാന പഠന സമിതിക്കു (യുഎൻഎഫ്സിസിസി) നാഷനൽ കമ്യൂണിക്കേഷൻ കൈമാറുന്നതിന്റെ ഭാഗമായാണിത്. ഒരു വർഷത്തെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപനത്തിൽ ഗവേഷണ ഫലം പുറത്തുവിടുകയാണു ലക്ഷ്യം.

• രാജ്യാന്തര രംഗത്ത് ഉയർന്ന വിപണന മൂല്യമുള്ള ചൂരമൽസ്യം കടൽ കൂടുകൃഷി വഴി ഉൽപാദിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കും. ചൂര മൽസ്യത്തിന്റെ വിത്തുൽപാദനവും പ്രജനന സാങ്കേതിക വിദ്യകളും വികസിപ്പിക്കും.

• ദേശീയ സമുദ്ര കൃഷി നയം (നാഷനൽ മാരികൾച്ചർ പോളിസി) രൂപപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കും.

ദേശീയ തലത്തിൽ സമുദ്ര കൃഷി നയം ഇല്ലാത്തതു കൂടുമൽസ്യ കൃഷി സംരംഭങ്ങളുടെ വ്യാപനത്തിനു തടസ്സമായി നിൽക്കുന്നുണ്ട്.

• കടലിലെ ഉപരിതല മൽസ്യസമ്പത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ടു ഉപഗ്രഹ സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഗവേഷണം ആരംഭിക്കും.